# 2

# യെരോബെയാം (2)

# മതപരമായ ഒരു പാപി

*വേദഭാഗം: 1 രാജാക്കന്മാർ 11:26–39; 12:1–14:20*

ചരിത്രം നോക്കിയാൽ, ദേശങ്ങളായാലും, പട്ടണങ്ങളായാലും, കുടുംബങ്ങളായാലും, മനുഷ്യരുടെ കാര്യങ്ങൾ നോക്കിയിരുന്നത് ഒരു മനുഷ്യൻ ആയിരുന്നു എന്ന് നമുക്ക് മനസിലാക്കാം.[1] “അത് അന്യായമാണ്” എന്ന് നിങ്ങൾ പറഞ്ഞേക്കാം. “ഒരു മനുഷ്യന് അത്രമാത്രം സ്വാധീനശക്തി കൊടുക്കുവാൻ പാടില്ല. മറ്റുള്ളവർ തടസപ്പെടുത്താതെ ഓരോരുത്തർക്കും അവനവന്റെ അന്തിമസ്ഥാനം തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യം വേണം.” നിങ്ങൾ പറയുന്നത് ശരിയാണ്; അങ്ങനെയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. എങ്കിലും, മനുഷ്യരും ദേശങ്ങളും അതാതുകാലത്തെ സമീപനങ്ങളും, ജീവിതശൈലികളും അനുസരിച്ച്, ചിന്തയില്ലാതെ, ദൈവവചനം പരിശോധിക്കാതെ അധികാരത്തിലുള്ളവരെ പിൻപറ്റി, സ്വന്ത തീരുമാനങ്ങൾ കൂടാതെ ജീവിച്ചു. ക്രമേണ അവർ പാവകളെപോലെ, നേതാക്കൾ പറയുന്നത് അങ്ങനെ തന്നെ ചെയ്തുവന്നു. വക്രഗതിയുള്ളവരും അനുസരിക്കാത്തവരുമായവർ ആളുകളെ അടിമകളാക്കിത്തീർത്തു. ദൈവം നമുക്ക് നൽകിയ തിരഞ്ഞെടുക്കുവാനുള്ള അവകാശം അവർക്ക് അടിയറവ് വെച്ചതു നാം തന്നെയാണ്.

യെരോബെയാമിനെ തങ്ങളുടെ രാജാവാക്കിയതിന് യിസ്രായേൽ ജനം തങ്ങളെത്തന്നെ അഭിനന്ദിച്ചുകാണും. എങ്ങനെയായാലും ഒരു രാജാവിനു വേണ്ട ഗുണങ്ങളെല്ലാം അവനുണ്ടായിരുന്നുവല്ലൊ – താലന്തും, ആർഷണിയ വ്യക്തിത്വവും, ആത്മവിശ്വാസവും, സ്വാഭാവിക നേതൃത്വ പാടവവുമുണ്ടായിരുന്നു. ഒരു പുതിയ രാജാവിനെ തിരഞ്ഞെടുക്കുമ്പോൾ ഇതിനേക്കാൾ നല്ല തിരഞ്ഞെടുപ്പ് നടത്തുവാൻ കഴിയുകയില്ല! അവർക്ക് നല്ലൊരു ഭാവി തോന്നിപ്പിക്കുന്നതായിരുന്നു യുവാവായിരുന്ന യെരോബെയാം. അങ്ങനെയാണ് അവർ ചിന്തിച്ചത്.

രാജ്യം വീണ്ടും പുനരേകീകരിക്കുവാൻ കഴിയാത്തവിധം തങ്ങളുടെ രാജ്യം അധഃപ്പതിക്കുമെന്ന് അവർ അൽപം പോലും ചിന്തിച്ചിരുന്നില്ല. യെരോബെയാം യിസ്രായേലിനെ ഇരുപത്തി-രണ്ട് വർഷം (ബി. സി. 931 മുതൽ ബി. സി. 910 വരെ)[2] വാണു, പക്ഷെ ആ വർഷങ്ങൾ യിസ്രായേലിന് വിനാശകരമായിരുന്നു.

യെരോബെയാം ജ്വലിക്കുന്ന വിജയമായിരിക്കുമെന്ന് വിചാരിച്ചവരെ നിരാശപ്പെടുത്തി, അവൻ പരാജയമാണ് കാഴ്ച്ച വെച്ചത്. തന്റെ ദേശത്തെ പാപത്തിലേക്ക് നയിച്ചു എന്ന ഒരു കാര്യമാണ് അവനെ കുറിച്ച് ഓർമ്മിക്കുവാനുള്ളത്. ആ അർത്ഥത്തിൽ അവൻ പിശാചിന്റെ നായകനായിരുന്നു. അവൻ ബുദ്ധിഹീനതയുടെ പര്യായമായിരുന്നു. അവൻ മതപരമായ ഒരു പാപിയായിരുന്നു; ഒരാൾ പാപിയാണെങ്കിൽ, അയാൾ മതവിശ്വാസിയായി പരിഗണിക്കപ്പെടുകയില്ല. മതവിശ്വാസിയെ പാപിയായും ചിന്തിക്കുകയില്ല. യെരോബയാം രണ്ടുമായിരുന്നു. അതാണ് അവന്റെ ജീവിതം ദൈവമുൻപാകെ വെറുക്ക

ത്തക്കതാക്കിയത്. ഒരു പുരുഷന്റേയോ സ്ത്രീയുടേയോ അതുപോലെയുള്ള സ്മരണക്കുറിപ്പ് എത്ര ഭീകരമായിരിക്കും!

കൂടുതൽ എടുത്തുപറയുകയാണെങ്കിൽ, അയാളുടെ പ്രത്യേകപാപം എന്തായിരുന്നു? അവൻ എന്തുകൊണ്ടാണ് പൂർണ്ണ പരാജയമായത്?

## പാപത്തെ നിർവ്വചിച്ചു

ആ ചോദ്യത്തിന് നാം ഉത്തരം നൽകുന്നതിനു മുൻപ് നാം പാപത്തെ ധാർമ്മികപാപം എന്നും, മതപരമായ പാപം എന്നും രണ്ടായി തരം തരിക്കുന്നത് നന്നായിരിക്കുമെന്നു തോന്നുന്നു. ബൈബിളിൽ ഒരിടത്തും അത്തരം വ്യത്യാസമില്ല. യെരോബെയാമിന്റെ കുറ്റം എന്ന പാപത്തെ മനസിലാക്കുവാൻ ഇവിടെ മാത്രം നമുക്ക് അങ്ങനെ വിശദീകരിക്കാം.

മറ്റുള്ളവരെയോ അല്ലെങ്കിൽ നമ്മെയോ വ്രണപ്പെടുത്തുന്നതാണ് ധാർമ്മിക പാപം. വിലക്കപ്പെട്ടിരിക്കുന്നതുകൊണ്ടല്ല അവ ഉപദ്രവകരമായിരിക്കുന്നത്, പിന്നെയോ; അവ *ഉപദ്രവകരമായിരിക്കുന്നതുകൊണ്ടാണ് അവയെ വിലക്കിയിരിക്കുന്നത്*. ദൈവം, നമ്മുടെ സ്നേഹവാനായ പിതാവായതുകൊണ്ട്, നമ്മുടെ മനസിനെയും, മനസാക്ഷിയേയും, ശരീരത്തെയും, വ്യക്തിത്വത്തെയും വ്രണപ്പെടുത്തുന്ന മനോഭാവത്തെയും പ്രവൃത്തിയെയും വിലക്കിയിരിക്കുന്നത് നമ്മുടെ നന്മക്കാണ്. നിർമ്മലമായി ഉപയോഗിക്കുന്ന നമ്മുടെ പരിമിതികൾ കാരണം, ഉപദ്രവിക്കുന്നതോ, മലിനപ്പെടുത്തുന്നതോ ആയ എന്തും പാപമായി കണക്കാക്കാം.

ദൈവത്തിന്റെ വ്യക്തമായ കൽപനകളെ ലംഘിക്കുന്നവയാണ് മതപരമായ പാപങ്ങൾ. വിലക്കിയിരിക്കുന്നതുകൊണ്ട് അവ ഉപദ്രവകരമാണ്; അവ ഉപദ്രകരമായതുകൊണ്ടല്ല വിലക്കിയിരിക്കുന്നത്. ദൈവം പരമോന്നതനാണ്, അവനെ എങ്ങനെ സേവിക്കണമെന്നും, പ്രതിനിധീകരിക്കണമെന്നും, ആരാധിക്കണമെന്നും അവൻ നമ്മോട് പറഞ്ഞിരിക്കുന്നു. അവന്റെ നിർദ്ദേശങ്ങൾക്ക് അവൻ എപ്പോഴും യുക്തി നൽകുകയില്ല, പക്ഷെ നാം അവനെ അനുസരിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ഉദാഹരണത്തിന്, അവൻ ലേവ്യാപുസ്തകം 10-ൽ നാദാബിനോടും അബീഹൂവിനോടും സമാഗമന കൂടാരത്തിലെ ആരാധനയിൽ ഏതു തരം അഗ്നി ഉപയോഗിക്കണമെന്ന് പ്രത്യേകമായി നിർദ്ദേശിച്ചിരുന്നു. അവന്റെ നിയമം അവർക്ക് അറിയാമായിരുന്നു, പക്ഷെ അവർ അതിനെ മാറ്റി, ദൈവം പറഞ്ഞതിനെ അവഗണിക്കുകയായിരുന്നു. ദൈവത്തിന്റെ നിർദ്ദേശങ്ങളെ അവർ അവഗണിച്ചതിന്റെ ഫലം വലിയ ദുരന്തമായിരുന്നു.

> അനന്തരം അഹരോന്റെ പുത്രന്മാരായ നാദാബും അബീഹുവും ഓരോ ധൂപകലശം എടുത്തു അതിൽ തീ ഇട്ടു, അതിന്മേൽ ധൂപവർഗവും ഇട്ടു. അങ്ങനെ തങ്ങളോട് കൽപിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നു. ഉടനെ യഹോവയുടെ സന്നിധിയിൽനിന്നു തീ പുറപ്പെട്ടു അവരെ ദഹിപ്പിച്ചുകളഞ്ഞു (ലേവ്യാപുസ്തകം 10:1, 2).

സാധാരണ അധാർമ്മികമെന്നു കരുതുന്ന കുലപാതകമോ, വ്യഭിചാരമോ, അസൂയയോ ആയിരുന്നില്ല, നാദാബിന്റേയും അബീഹൂവിന്റേയും കുറ്റം. അവർ ദൈവത്തിന്റെ നിർദ്ദേശങ്ങളെ അവഗണിക്കുക മാത്രമാണ് ചെയ്തത്. അവർ ദൈവത്തിന്റെ മാർഗനിർദ്ദേശത്തെ മാറ്റുകയായിരുന്നു. അവൻ

അവന്റെ ആവശ്യങ്ങളെ തള്ളിക്കളഞ്ഞു. അവർ ചെയ്തത് ധാർമ്മികപാപമായിരുന്നില്ല, മതപരമായ പാപമായിരുന്നു. "ദൈവം കൽപിച്ചതല്ലാത്ത അന്യാഗ്നി ഉപയോഗിച്ചാൽ അത് എന്തുപദ്രവമാണുണ്ടാക്കുന്നത്?" ചിലർ വാദിച്ചേക്കാം, "എങ്ങനെയും, അത് ആരെയും വ്രണപ്പെടുത്തിയില്ലല്ലോ. അത് നിരപരാധിത്വമുള്ള ഒരു പുതുമയായിരുന്നു, ഒരു പുതിയ ശൈലി മാത്രമായിരുന്നു." തീരുമാനത്തിൽനിന്നു അവരുടെ പ്രവൃത്തി വളരെ ആഴത്തിലേക്ക് പോയി. ദൈവേഷ്ടത്തെ തള്ളിക്കളയുന്ന പാപമായിരുന്നു അവരുടേത്. അവർ അനുസരണക്കേട് പ്രവർത്തിച്ചു. അവർ തങ്ങളെ ദൈവത്തിന്റെ സ്ഥാനത്താക്കി. "ദൈവത്തെ എങ്ങനെ ആരാധിക്കണമെന്ന് ഞങ്ങൾ തീരുമാനിക്കും." അവരുടെ പ്രവൃത്തികളാൽ അങ്ങനെ പറഞ്ഞു.

പിന്നെ, മതപരമായ പാപവും ധാർമ്മികപാപവും തമ്മിലുള്ള വ്യത്യാസം പ്രകടമാണ്. ധാർമ്മികപാപങ്ങളെ വിലക്കിയിരിക്കുന്നതിന്റെ പിന്നിലെ യുക്തി അതു നമ്മെയും മറ്റുള്ളവരേയും വേദനിപ്പിക്കുന്നതാണ്, എന്നാൽ മതപരമായ പാപത്തെ ഉപേക്ഷിക്കുവാൻ പറഞ്ഞതിന്റെ കാരണം, ദൈവത്തെ ബഹുമാനിക്കയും അനുസരിക്കുകയും ചെയ്യേണ്ടതിനാണ്.

യെരോബയാമിന്റെ തെറ്റ് ധാർമ്മികമായിരുന്നില്ല, മതപരമായിരുന്നു. മനശ്ശെ ചെയ്തതുപോലെ അവൻ നിരപരാധികളെ കൊന്നില്ല (2 രാജാക്കന്മാർ 21:16); ദാവീദിനെ പോലെ അവൻ വ്യഭിചാരം ചെയ്തില്ല (2 ശമുവേൽ 11:1–5); ശൗൽ ചെയ്തതുപോലെ തന്റെ വാഗ്ദാനം ലംഘിച്ചതുമില്ല (1 ശമുവേൽ 15:17–22). എങ്കിലും അവൻ മോശെയുടെ ന്യായപ്രമാണത്തെ തള്ളിക്കളഞ്ഞു; അയാൾ തന്റെ മതപരമായ നിയമങ്ങൾ എഴുതുകയും അവ അനുസരിക്കുന്നതിന്, ആളുകളെ അതിലേക്ക് നയിക്കുകയും ചെയ്തു.

## പാപത്തെ വിവരിച്ചു

സിംഹാസനാരൂഢനായ ഉടനെ യെരേബയാം തനിക്ക് ലഭിച്ച മുന്നറിയിപ്പുകളെ മറന്ന്, മതപരമായ അനുസരണക്കേടിന്റെ പാതയിലേക്ക് തിരിഞ്ഞു ആദ്യമായി, അവൻ ദാനിലും, ബെഥേലിലും ആരാധനാകേന്ദ്രങ്ങൾ സ്ഥാപിച്ചു. യിസ്രായേലിന്റെ തെക്കുഭാഗത്തുള്ള യെരുശലേമിൽനിന്നു, എട്ടു മൈൽ അകലെ ആയിരുന്ന, ദാൻ പാലസ്തീനിന്റെ വടക്കുഭാഗത്തുമായിരുന്നു.

> ... അവൻ അവരോട് പറഞ്ഞു, "നിങ്ങൾ യെരുശലേമിൽ പോയത് മതി";
> ... അങ്ങനെ അവൻ ഒരു കാളക്കുട്ടിയെ ദാനിലും, മറ്റൊന്നിനെ ബെഥേലിലും പ്രതിഷ്ഠിച്ചു (12:28, 29).

രാജ്യം വിഭജിച്ചപ്പോൾ, തെക്കേ രാജ്യം തിരുവെഴുത്തിൽ പറഞ്ഞ ആരാധനാസ്ഥലമായ യെരുശലേമിൽ തന്നെ കഴിഞ്ഞു. ദൈവജനം ആണ്ടിൽ മൂന്നു പ്രാവശ്യം ദൈവത്തെ ആരാധിക്കുവാൻ യെരുശലേമിൽ പോകേണ്ടിയിരുന്നു (പുറപ്പാട് 23:17). അതുകൊണ്ട് യെരോബയാം തന്നോട് തന്നെ ഒരു ചോദ്യം ചോദിക്കേണ്ടിയിരുന്നു: "ആളുകൾ ആരാധിക്കുവാൻ യെരുശലേമിൽ പോയാൽ എന്തു പറ്റും? ജനം യെരുശലേമിൽ ആരാധിക്കുവാൻ പോയാൽ, അവർ അവിടെ താമസിക്കും, അപ്പോൾ എനിക്ക് എന്റെ രാജ്യം നഷ്ടമാകും." ആ ചോദ്യം അയാൾ എങ്ങനെ കൈകാര്യം ചെയ്യും? ദൈവത്തെ അനുസരിച്ച് ആളുകളെ യെരുശലേമിൽ ആരാധനക്ക് അയക്കണോ അതോ അവരെ

യെരുശലേമിൽ പോകാതിരിക്കുവാൻ പുതിയ ആരാധനാ രീതി ഉണ്ടാക്കി കൊടുക്കണോ? അത് പ്രധാനപ്പെട്ട ഒരു തീരുമാനമായിരുന്നു. അയാളുടെ നിർദ്ദേശത്തിനായി ഒരു ദേശം മുഴുവൻ കാത്തിരുന്നു. അതിന് നീതിപൂർവ്വമായ ആത്മാർത്ഥതയും, ബോധ്യവും, ശരിയായ തീരുമാനത്തിന് ധൈര്യവും ആവശ്യമായിരുന്നു. ദൈവത്തെ ആരാധിക്കുവാൻ യെരുശലേമിൽ പോകുന്നത് - ദൂരക്കൂടുതലാണ് - അത് കുഴപ്പമാണ് എന്ന നാട്യത്തിൽ യെരോബയാം പുതിയ ആരാധനാ കേന്ദ്രങ്ങൾ സ്ഥാപിച്ചു.

യെരോബയാം പോയി പുതിയ ആരാധനാ വസ്തുക്കളുമുണ്ടാക്കി: പൊന്നു കൊണ്ടുള്ള കാളക്കുട്ടികൾ.

> ആകയാൽ രാജാവ് ആലോചിച്ചു പൊന്നുകൊണ്ട് കാളക്കുട്ടിയെ ഉണ്ടാക്കി, "... ഇതാ നിന്നെ മിസ്രയിം ദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം" (12:28).

യഹോവയെ ആരാധിക്കുന്ന ഒരു വിശ്വസ്തന് ഇത്തരം കാര്യം ആലോചിക്കുവാൻ പോലും പറ്റാത്തതാണ്. സിനായ് പർവ്വതത്തിൻകീഴിൽ വെച്ച് അഹരോൻ കാളക്കുട്ടിയെ വാർത്തുണ്ടാക്കി യിസ്രായേൽ അതിനെ നമസ്കരിച്ചതിന്റെ ശിക്ഷാ നടപടികൾ യിസ്രായേൽമക്കളും യെരോബയാമും ചിന്തിച്ചിരുന്നുവെങ്കിൽ ആ തെറ്റ് ഒഴിവാക്കാമായിരുന്നു (പുറപ്പാട് 32:1-6). മോശെ പത്തു കൽപനകളുമായി പർവ്വതത്തിൽനിന്നു ഇറങ്ങി വരുമ്പോഴേക്കും യിസ്രായേൽ ജനം അതിലെ പലതും ലംഘിച്ചിരുന്നു. യഹോവയെ കാണുന്നവിധത്തിലുള്ള അടയാളമായിട്ടാണ് യെരോബയാം ആ കാളക്കുട്ടികളെ ഉണ്ടാക്കിയത്, അല്ലാതെ യഹോവയെ ആരാധിക്കുന്നതിന് പകരം ആയിട്ടായിരുന്നില്ല. അതങ്ങനെയാണെങ്കിൽ പോലും, അത് പത്തുകൽപനകളിലെ രണ്ടാമത്തെ കൽപനയുടെ ലംഘനമായിരുന്നു.

യെരോബയാം തന്റെ പുതുമകൾ അവിടെ നിർത്തിയില്ല. ഒരു യാഗപീഠ പ്രശ്നം അവൻ നേരിട്ടു. നോഹയുടേയും, അബ്രഹാമിന്റേയും, മോശെയുടേയും കാലം മുതൽ യിസ്രായേൽമക്കൾ യാഗപീഠം പണിത് യാഗം അർപ്പിച്ചിരുന്നു. ദൈവത്തിന് യാഗം കഴിക്കണമെന്ന് യിസ്രായേൽ ശഠിച്ചുകൊണ്ടിരുന്നു. യെരോബയാം പുതിയ ആരാധനാ കേന്ദ്രങ്ങൾ തുടങ്ങിയെങ്കിലും, യാഗം കഴിക്കുന്നതിന് യാഗപീഠങ്ങൾ ഉണ്ടാക്കാതിരുന്നതിനാൽ യിസ്രായേലിലെ തന്റെ ജനത്തിന് തൃപ്തി വന്നില്ല; അതിനാൽ അവർ അപ്പോഴും യാഗം കഴിക്കുവാൻ യെരുശലേമിലേക്ക് പോകുവാൻ ആഗ്രഹിച്ചു.

എല്ലാ യിസ്രായേൽ മക്കളോടും ദൈവം പ്രത്യേകമായി കൽപിച്ചിരുന്നത് യെരുശലേമിൽ യാഗം കഴിക്കുവാനായിരുന്നു. പുതിയ യാഗപീഠങ്ങളുണ്ടാക്കുന്നത് ദൈവകൽപനയെ നിരാകരിക്കുന്നതായിരിക്കും. യെരോബയാം ഒരു പ്രതിസന്ധി നേരിട്ടു: പുതിയ യാഗപീഠങ്ങളുണ്ടാക്കി ദൈവത്തോട് അനുസരണക്കേട് കാണിക്കണോ അതോ, യാഗപീഠം ഉണ്ടാക്കാതെ തന്റെ ജനത്തെ യാഗം കഴിക്കുവാൻ യെരുശലേമിലേക്ക് പോകുവാൻ അനുവദിച്ച് രാജ്യത്തിന് നഷ്ടം വരുത്തണോ? അവൻ എന്തു ചെയ്തു? യാഗപീഠങ്ങൾ തീർക്കുവാൻ തന്നെ അവൻ തീരുമാനിച്ചു. അവന്റെ ആരാധനാകേന്ദ്രങ്ങൾ പിന്നീട് തികവുള്ള കേന്ദ്രങ്ങളാക്കി - പുതിയ യാഗപീഠങ്ങളടക്കം യെരുശലേമിലുണ്ടായിരുന്നതെല്ലാമുണ്ടാക്കി. "അവൻ പിന്നെ താൻ ബെഥേലിൽ ഉണ്ടാക്കിയ യാഗ പീ

ഠത്തിങ്കലേക്ക് ചെന്നു ..." (12:33). അവൻ തന്റെ പുതിയ മതത്തിനായി പുറന്തിരിഞ്ഞ് വളരെ ദൂരം സഞ്ചരിച്ചു; ദൈവേഷ്ടം എന്തായാലും, അവൻ പുതിയ യാഗപീഠങ്ങൾ പ്രതിഷ്ഠിച്ചു. ഒരു പാപം അവനെ മറ്റൊന്നിലേക്ക് നയിച്ചു.

നാലാമത്, യെരോബയാം ഒരു പുതിയ പൗരോഹിത്യ ക്രമം ഏർപ്പെടുത്തി. "അവൻ പൂജാഗിരിക്ഷേത്രങ്ങളും ഉണ്ടാക്കി സർവ്വജനത്തിനും ലേവ്യരല്ലാത്തവരെ പുരോഹിതന്മാരായി നിയമിച്ചു" (12:31). പൗരോഹിത്യശുശ്രൂഷ ചെയ്യുവാൻ ദൈവം തിരഞ്ഞെടുത്തത് ലേവ്യ ഗോത്രത്തിലെ അഹരോന്റെ വംശാവലിയിലുള്ളവരെ മാത്രമാണ് (2 ദിനവൃത്താന്തം 13:10). പുതിയ ആരാധനാ കേന്ദ്രങ്ങളിൽ ശരിയായ പുരോഹിതന്മാരെ നിയമിക്കുന്നതിലും യെരോബയാമിന് കുഴപ്പം നേരിട്ടു. എന്തുകൊണ്ട് അങ്ങനെയുണ്ടായി? അവർ ദൈവവചനത്തെ ബഹുമാനിച്ചിരുന്നെങ്കിൽ, അത്തരം തെറ്റിൽനിന്ന് അവർക്ക് ഒഴിഞ്ഞു മാറാമായിരുന്നു (2 ദിനവൃത്താന്തം 13:9). അതുകൊണ്ട്, അതെത്ര പാപമാണെന്ന് ചിന്തിക്കാതെ രാജാവ് തന്റെ സ്വന്ത ഇഷ്ടപ്രകാരം പതിനൊന്നു ഗോത്രങ്ങളിൽ പെട്ടവരെ പുരോഹിതന്മാരായി നിയമിച്ചു.

അഞ്ചാമത്, അവൻ ഒരു പുതിയ വാർഷിക ഉൽസവം നിശ്ചയിച്ച് മതപരമായ കലണ്ടറിനും മാറ്റം വരുത്തി.

> അവൻ സ്വമേധയായി നിശ്ചയിച്ച എട്ടാം മാസം പതിനഞ്ചാം തീയതി താൻ ബേഥേലിൽ ഉണാക്കിയ യാഗപീഠത്തിങ്കൽ ചെന്നു യിസ്രായേൽ മക്കൾക്ക് ഒരു ഉൽസവം നിയമിച്ചു. പീഠത്തിനരികെ ചെന്നു ധൂപം കാട്ടി (12:33).

മോശെയുടെ ന്യായപ്രമാണപ്രകാരം മതപരമായി വർഷത്തിൽ ഏഴാം മാസമാണ് പ്രത്യേകതയുള്ള മാസം: ആദ്യ ദിവസം കാഹളങ്ങളുടെ ദിവസമായിരുന്നു (ലേവ്യാപുസ്തകം 23:23-25), പത്താം ദിവസം പ്രതിഷ്ഠോൽസവ ദിവസമായിരുന്നു (ലേവ്യാപുസ്തകം 23:27), പതിനഞ്ചാം ദിവസം മുതൽ ഇരുപത്തി-രണ്ടാം ദിവസം വരെ സമാഗമന കൂടാര പെരുന്നാളായിരുന്നു (ലേവ്യാപുസ്തകം 23:33-36). എട്ടാം മാസം പതിനഞ്ചാം തീയതി എടുത്ത് യെരോബയാം മതപരമായ കലണ്ടർ ഒരു മാസം മുൻപോട്ടാക്കി. ആ ദിവസം "അവൻ സ്വമേധയാ നിശ്ചയിച്ചതായിരുന്നു" എന്ന് ബൈബിൾ പറയുന്നു (12:33).

എല്ലാ മാറ്റങ്ങളും മതപരമായ പുനക്രമീകരണങ്ങളുമെല്ലാം യെരോബയാമിന്റെ മതമായിരുന്നു, അല്ലാതെ ദൈവത്തിന്റേതായിരുന്നില്ല. യെരോബയാം ദൈവേഷ്ടം അന്വേഷിച്ചില്ല; അവൻ പിൻപറ്റിയത് സ്വന്ത ഇഷ്ടമായിരുന്നു. ഒരു ദേശത്തിന്റെ നായകൻ എന്ന നിലയിൽ അവൻ പൂർണ്ണ പരാജയമായിരുന്നു. അവൻ ദൈവത്തിന്റെ പ്രതിനിധിയായി, ദൈവേഷ്ടം ചെയ്യുവാൻ ആളുകളെ നയിക്കണമായിരുന്നു - എന്നാൽ അവൻ തന്റെ സ്വന്ത ഇഷ്ടം ചെയ്യിച്ചുകൊണ്ട് അവൻ ദൈവത്തിനു പകരമാണെന്ന് തോന്നിപ്പിച്ചു.

സാത്താൻ വാസ്തവത്തിൽ മതത്തിൽനിന്നു വിട്ടുനിൽക്കുവാൻ ആഗ്രഹിക്കുന്നില്ല; അവൻ ദൈവത്തിന്റെ മതത്തിനു പകരം മനുഷ്യന്റെ മതം സ്വീകരിപ്പാൻ ആളുകളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കും.യെരോബയാം ഇഷ്ടപ്പെടുന്നവനും, അവന്റെ ന്യായങ്ങൾ പ്രായോഗികമാണെന്നും തോന്നിപ്പിച്ചു. അവൻ ചെയ്തതിലെല്ലാം ഒരു തെറ്റുണ്ടായിരുന്നു - ദൈവേഷ്ടത്തിനു പകരം അവൻ സ്വന്ത ഇഷ്ടം വെച്ചു!

## പാപം ആക്ഷേപിക്കപ്പെട്ടു

യെരോബയാം സ്വന്ത മതമുണ്ടാക്കിയതും ആളുകളെ അതു പിൻപറ്റുവാൻ പ്രേരിപ്പിച്ചതുമായ അവന്റെ പാപത്തെ ദൈവം ആക്ഷേപിച്ചു. വാസ്തവത്തിൽ, കർത്താവ് തന്റെ വചനം താഴെ പറയുന്ന മൂന്നു വിധത്തിൽ പ്രമാണിക്കുവാനാണ് അവൻ അരുളിച്ചെയ്തത്.

### പരസ്യമായ ശാസനയിൽ കൂടെ

യെരോബയാം എട്ടാം മാസം പതിനഞ്ചാം തിയതി താൻ നിശ്ചയിച്ച ദിവസം ആഘോഷിക്കുവാൻ ബേഥേലിലേക്ക് പോയി. തികഞ്ഞ അനുസരണക്കേടും, അനാദരവും, അഹങ്കാരവുമായി അവൻ പുതിയ യാഗപീഠത്തിൽ ധൂപം കാട്ടുവാൻ കയറിച്ചെന്നു (12:33). അവനെ അതിശയിപ്പിച്ച്, ജനക്കൂട്ടത്തിൽനിന്ന് ഒരു ദൈവമനുഷ്യൻ കയറി വന്നു, കാർക്കശ്യമുള്ള യെഹൂദ്യയിലെ പ്രവാചകൻ വായിൽ ന്യായവിധി വാചകവുമായി വന്നു. ആ അനുഷ്ഠാനത്തെ നിശബ്ദമാക്കി, യാഗപീഠത്തെ വിരൽ ചൂണ്ടി പ്രവാചകൻ ദൈവത്തിന്റെ ശിക്ഷാവിധിയെ പ്രഖ്യാപിച്ചു:

> യാഗപീഠമേ, യാഗപീഠമേ, യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു, “ദാവീദ് ഗൃഹത്തിന് യോശീയാവ് എന്നു പേരുള്ള ഒരു മകൻ ജനിക്കും. അവൻ നിന്റെ മേൽ ധൂപം കാട്ടുന്ന പൂജാഗിരി പുരോഹിതന്മാരെ നിന്റെ മേൽ വെച്ച് അറുക്കയും മനുഷ്യാസ്ഥികളെ നിന്റെമേൽ വെച്ച് ചുട്ടുകളകയും ചെയ്യും” (13:2).

യെരോബയാമിന്റെ യാഗപീഠത്തിൽ യാഗം കഴിച്ച വ്യാജപുരോഹിതന്മാരുടെ അസ്ഥികൾ അതിന്മേലിട്ടു ചുട്ടുകളയും. ആ പ്രവചനത്തിൽ യോശീയാവ് പേർ പറഞ്ഞിരുന്നു. ആരുടെ വാഴ്ച്ചയിലാണ് ആ പ്രത്യേക പ്രവചനം നിറവേറുക എന്ന് യോശീയാവ് പ്രത്യേകമായി പറഞ്ഞിരിക്കയാൽ ആ പ്രവചനത്തെ നമുക്ക് “നെയിം പ്രോഫസി” എന്നു വിളിക്കാം. ആ പ്രവചനം മുന്നൂറു വർഷങ്ങൾക്ക് ശേഷം യോശിയാവ് എന്ന നല്ല ഭരണാധികാരിയുടെ വാഴ്ച്ചക്കാലത്ത് നിറവേറി (2 രാജാക്കന്മാർ 23:20). പ്രവാചകൻ ഒരു അടയാളം നൽകി പറഞ്ഞു “അവൻ അന്ന് ഒരു അടയാളവും കൊടുത്തു, ‘ഇതാ, ഈ യാഗപീഠം പിളർന്നു അതിന്മേലുള്ള ചാരം തൂകിപോകും. ഇതു യഹോവ കൽപിച്ച അടയാളം എന്നു പറഞ്ഞു’ ” (13:3). പ്രവചനത്തിൽ അതിന്റെ ആധികാരികതയുണ്ട്. ഉടനെ അതിന് തെളിവും നൽകി.

യെരോബയാം കൈ നീട്ടി തനിക്ക് ചുറ്റുമുള്ളവരോട് പറഞ്ഞു, “അവനെ പിടിപ്പിൻ!” അവൻ നീട്ടിയ കൈ, “വരണ്ടുപോയി” (13:4), യെരോബയാമിനെ ദൈവം ശാസിച്ചു എന്ന് ദൈവം-അയച്ച പ്രവാചകൻ സത്യമാണ് സാക്ഷീകരിച്ചതെന്ന് തെളിയുകയും ചെയ്തു. ഉടനെ, യാഗപീഠം പിളരുകയും, അതിലെ ചാരം തൂകുകയും ചെയ്തു. ദൈവത്തിന്റെ ന്യായവിധിയുടെ ശക്തി അനുഭവിച്ച് കൈ വരണ്ടുപോയ യെരോബയാം കൈ ഭേദമാക്കുവാൻ അപേക്ഷിച്ചു. പ്രവാചകൻ ദൈവത്തിന്റെ കൃപ കാണിക്കുവാനപേക്ഷിക്കുകയും ദൈവം അവന്റെ കൈ പഴയതുപോലെ ആക്കുകയും ചെയ്തു. പ്രവാചകന്റെ യാചന ദൈവം കേട്ടു (13:6). ദൈവം എല്ലായ്പോഴും രണ്ടാം അവസരത്തിന്റെ ദൈവമാണ്. ആ സാഹചര്യത്താൽ മാനസാന്തരപ്പെടുവാനാണ് യെരോബയാമിനോ

ട് ആവശ്യപ്പെട്ടത്. ഒരു നിമിഷത്തിനുള്ളിൽ, യെരോബയാം "പരിവർത്തനം ചെയ്ത പോലെ" പ്രവാചകനോട് തന്റെ രാജധാനിയിൽ വന്ന് ഭക്ഷണം കഴിച്ച് വിശ്രമിക്കുവാൻ ആവശ്യപ്പെട്ടു. താൻ വന്ന വഴിക്ക് തിരികെ പോകുകയോ, ആരുടെയെങ്കിലും ഭക്ഷണം കഴിക്കുകയോ ചെയ്യരുത് എന്നാണ് ദൈവകൽപന എന്ന് പ്രവാചകൻ രാജാവിനോട് പറഞ്ഞു. ഇതാ ഒരപൂർവ്വമുത്ത് - രാജഭോജനം ത്യജിച്ച പ്രവാചകൻ! യെരോബയാം തന്റെ അനുസരണക്കേടിനെ കുറിച്ച് ചിന്തിച്ചിരിക്കും, സംശയമില്ല, എന്നാൽ അവന്റെ നീതിപൂർവ്വമായ തീരുമാനത്തിന് വലിയ കാലദൈർഘ്യ-മില്ലായിരുന്നു. യെരോബയാമിന്റെ മതപരമായ പാപത്തിനുള്ള ദൈവത്തിന്റെ ആദ്യത്തെ കുറ്റാരോപണമായിരുന്നു പ്രവാചകന്റെ ശാസന.

**പ്രവാചകന്റെ മരണം മൂലം**

ആ ദിവസത്തിന്റെ അവസാനം മറ്റൊരു കുറ്റാരോപണം വന്നു. വൃദ്ധനായ ഒരു പ്രവാചകൻ യെഹൂദ്യാ പ്രവാകനെ കെണിയിൽ വീഴ്ത്തി. അവനോട് ദൈവം കൽപിച്ചത് ലംഘിച്ച്, പ്രവാചകനോടുകൂടെ ഭക്ഷിക്കുകയും സിംഹത്താൽ കൊല്ലപ്പെടുകയും ചെയ്തു (13:23-26). (ഇത് അടുത്ത പാഠത്തിൽ നാം വിശദമായി പഠിക്കും.) നിസാരമെന്ന് തോന്നുന്ന ഒരു തെറ്റ് അവൻ മരണത്തിനു കാരണമായി. അവൻ റോഡരികിൽ താൻ സഞ്ചരിച്ച കഴുതക്കരികിലും, തന്നെ കൊന്ന സിംഹത്തിനരികിലുമാണ് കിടന്നിരുന്നത്. ആ പ്രവൃത്തിയിൽ കൂടെ നമ്മെ ഒരു പാഠം പഠിപ്പിക്കുന്നു; ദൈവവചനമാണ് നാം പ്രമാണിക്കേണ്ടത്. ദൈവേഷ്ടം അനുസരിക്കുന്നതിൽനിന്നു ഒരു പ്രവാചകനെ പോലും മാറ്റി നിർത്തുന്നില്ല. തന്റെ നിർദ്ദേശങ്ങൾ തെറ്റുകൂടാതെ അനുസരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. "അനുസരണക്കേടിനുള്ള ശിക്ഷയായി" പ്രവാചകന്റെയും യെരോബയാമിന്റേയും സംഭവം നമുക്ക് മനസിലാക്കാം. പ്രവാചകനെ കൊന്നത് യെരോബെയാമിനെ എങ്ങനെ ബാധിച്ചു എന്നു നമ്മോട് പറയുന്നില്ല.

**വേദനാജനകമായ ദുഃഖം മൂലം**

മൂന്നാമത്തെ കുറ്റാരോപണം വന്നു. യെരോബയാമിന് ഒരു മകൻ ഉണ്ടായിരുന്നു (14:1-20). എന്നാൽ ഏലി - എന്ന നീതിമാനായ ഒരു മനുഷ്യന് - അഭക്തരായ പുത്രന്മാരുണ്ടായിരുന്നു (1ശമുവേൽ 2:11-17), യെരോബയാം - എന്ന ദുഷ്ടനായ രക്ഷകർത്താവിന് - ദൈവഭക്തനായ ഒരു പുത്രനുണ്ടായിരുന്നു. അവന്റെ പേരായിരുന്നു അബിയാവ്. ഒരു ദിവസം ആ ബാലൻ കടുത്ത രോഗിയായി. അവൻ ജീവിക്കുമോ അതോ മരിക്കുമോ എന്ന് യെരോബയാമിനും ഭാര്യക്കും അറിയില്ലായിരുന്നു. അവർ ഇരുവരും ദുഃഖിതരായി തീർന്നു. മകന്റെ രോഗം ഭേദമാകുമോ എന്നറിയുവാൻ, നിരാശയിൽ, യെരോബയാം വെറുത്തിരുന്ന അഹിയാ പ്രവാചകന്റെ അടുക്കൽ വേഷം മാറി ചെല്ലാമോ എന്ന് തന്റെ ഭാര്യയോട് ചോദിച്ചു. അവൾ വേഷം മാറി അപ്പവും, കേക്കും, തേനുമായി അഹിയാ പ്രവാചകന്റെ അടുക്കലേക്ക് പോയി. അഹിയാവ് ശിലോവിൽ വർഷങ്ങളായി അന്ധനായി കഴിയുകയായിരുന്നു. യെരോബയാമിന്റെ ഭാര്യ അവനെ സമീപിക്കുന്നതിന് മുൻപ് തന്നെ ആരാണ് വരുന്നതെന്നും അവളോട് എന്തുപറയണമെന്നും വെളിപ്പാട് അവനു ലഭിച്ചിരുന്നു. അവൻ പറഞ്ഞു, "യെരോബയാമിന്റെ ഭാര്യയേ, അകത്തു വരിക, നീ ഒരു അന്യസ്ത്രീ

എന്നു നടിക്കുന്നത് എന്തിന്? കഠിന വർത്തമാനം നിന്നെ അറിയിപ്പാൻ നിയോഗമുണ്ട്" (14:6). അവൾ ഭയന്നു വിറച്ചു അകത്തു ചെന്നപ്പോൾ, ബാലൻ മരിച്ചുപോകുമെന്ന് അവളോട് പറയുകയും അവൾ മടങ്ങിപ്പോകയും ചെയ്തു. ബാലന്റെ മരണം ന്യായവിധിയുടെ പ്രകടനമായിരുന്നില്ല. ന്യായവിധി പ്രകടിപ്പിച്ചതു പിന്നീടാണ്. അവന്റെ മരണം ദയാപ്രവൃത്തിയായിരുന്നു:

> "... യൊരേബയാമിന്റെ ഗൃഹത്തിൽ വെച്ചു അവനിൽ മാത്രം യിസ്രായേലിന്റെ ദൈവമായ യഹോവക്ക് പ്രസാദമുള്ള കാര്യം അൽപം കാണുകയാൽ, അവനെ മാത്രം കല്ലറയിൽ അടക്കം ചെയ്യും" (14:13).

ജോൺ സി. വിറ്റ്കോമ്പ് എഴുതി,

> ആ ബാലനെ ദൈവം ആദരിച്ചത്, രോഗം ബാധിച്ച് മരിക്കുവാനും കല്ലറയിൽ അടക്കുവാനും അനുവദിച്ചുകൊണ്ടാണ്! ... രാജഗൃഹത്തിന് വരുവാനിരിക്കുന്ന ന്യായവിധി ഭയങ്കരമാണ് (1 രാജാക്കന്മാർ 14:10, 11) കിടക്കയിലെ മരണം ഒഴിവാക്കുന്നത് വലിയ അനുഗ്രഹമായിരുന്നു![3]

യൊരേബയാമിന്റെ ഗൃഹത്തിൽനിന്ന് ഒരു രാജാവ് എഴുന്നേൽക്കാത്ത വിധത്തിൽ എല്ലാ ആൺമക്കളും മൃഗീയമായി കൊല്ലപ്പെടുമെന്നും യൊരേബയാമിന്റെ ഭാര്യയോട് പറഞ്ഞിരുന്നു. ഇതായിരുന്നു യൊരേബയാമിൽ ദൈവത്തിന്റെ ന്യായവിധി. അശുര്യ പ്രവാസത്തെ ആദ്യമായി മുന്നറിയിച്ചുകൊണ്ടാണ് അഹിയാവ് തന്റെ പ്രവചനം അവസാനിപ്പിച്ചത് (14:15, 16). യൊരേബയാം ആരംഭം മുതൽ ജനത്തെ മാനസാന്തരപ്പെടാത്ത വിധത്തിൽ പാപം ചെയ്യിക്കുകയാൽ, പാപം നിമിത്തം ആ ദേശത്തെ നശിപ്പിക്കുമെന്ന് ദൈവം അരുളിച്ചെയ്തു.

> "യിസ്രായേൽ അശേരാ പ്രതിഷ്ഠകളെ ഉണ്ടാക്കി ദൈവത്തെ കോപിപ്പിച്ചതുകൊണ്ട് ഓട വെള്ളത്തിൽ ആടുന്നതുപോലെ അവർ ആടത്തക്കവണ്ണം യഹോവ അവരെ അടിച്ചു അവരെ അവരുടെ പിതാക്കന്മാർക്ക് ഞാൻ കൊടുത്ത ഈ നല്ല ദേശത്തുനിന്നു യിസ്രായേലിനെ പറിച്ചെടുത്തു നദിക്കക്കരെ ചിതറിച്ചു കളയും. പാപം ചെയ്യുകയും യിസ്രായേലിനക്കൊണ്ട് പാപം ചെയ്യിക്കയും ചെയ്ത യൊരേബയാമിന്റെ പാപം നിമിത്തം അവൻ യിസ്രായേലിനെ ഉപേക്ഷിച്ചുകളയും" (14:15, 16).

യൊരേബയാമിന്റെ ദുഷ്ടതക്ക് പങ്കാളിയായിരുന്ന, സ്ത്രീക്കും ബാലന്റെ മരണസമയത്ത് ചില നിർദ്ദേശങ്ങൾ നൽകിയിരുന്നു.

> "ആകയാൽ നീ എഴുന്നേറ്റ് വീട്ടിലേക്ക് പോക. നിന്റെ കാൽ പട്ടണത്തിനകത്ത് ചവിട്ടുമ്പോൾ കുട്ടി മരിച്ചു പോകും. യിസ്രായേലൊക്കെയും അവനെ കുറിച്ചു വിലപിച്ചു അവനെ അടക്കം ചെയ്യും. യൊരേബയാമിന്റെ ഗൃഹത്തിൽ വെച്ച് അവനിൽ മാത്രം യിസ്രായേലിന്റെ ദൈവമായ യഹാവക്ക് പ്രസാദമുള്ള കാര്യം അൽപം കാണുകയാൽ യൊരേബയാമിന്റെ സന്തതിയിൽ അവനെ മാത്രം കല്ലറയിൽ അടക്കം ചെയ്യും" (14:12–14).

ആ സ്ത്രീയുടെ ഉള്ളിൽ അപ്പോൾ ചിന്തിച്ചിരുന്നത് നിങ്ങൾക്ക് ഊഹിക്കുവാൻ കഴിയുന്നുണ്ടോ? അവൾ വീട്ടിലെത്തുമ്പോൾ തന്റെ മകൻ മരിക്കുമെന്ന് അവൾ അറിഞ്ഞിരുന്നു. തീർച്ചയായും അവൾ തന്റെ മകന്റെ ജീവൻ രക്ഷിക്കുവാനുള്ള വഴി ചിന്തിച്ചു കാണും. ഒരു വഴിയും കാണുവാൻ സാധിച്ചില്ല. എന്തു ചെയ്യണമെന്നറിയാതെ അവളുടെ മനസ് വ്യാകുലപ്പെട്ടിരിക്കും. അവസാനം, വീട്ടിലെത്തി ദൈവത്തിന്റെ ന്യായവിധി അഭിമുഖീകരിക്കുവാൻ തീരുമാനിച്ചു. അവന്റെ ന്യായവിധികൾ തീർച്ചയും ഉറപ്പുമുള്ളതാകുന്നു; അതിനെ മാറ്റുവാൻ ആർക്കും സാധ്യമല്ല - അമ്മക്കു പോലും. അവൾ വീട്ടിലെത്തിയപ്പോൾ, കുട്ടി മരിച്ചു. ദൈവം എത്രമാത്രം വ്യക്തതയുള്ളവൻ? യൊരേബയാമിന്റെ പാപത്തിനു ന്യായവിധി വരുമെന്ന് മൂന്നു പ്രാവശ്യം അറിയിച്ചിരുന്നു. യൊരേബയാമിന് മാനസാന്തരപ്പെടുവാൻ കഴിഞ്ഞോ? ഇല്ല. അവൻ തന്റെ പാപവഴി പിന്തുടർന്നുകൊണ്ടിരുന്നു.

യൊരേബയാമിന്റെ ശിക്ഷാവിധിയെ കുറിച്ച് നമുക്കുള്ള അവസാന സന്ദേശം ഇതാ - യൊരേബയാമിന്റെ മരണം. അവന്റെ മുന്നറിയിപ്പുകളെ നാം ശ്രദ്ധിക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു. അവസാനം, അവനെ സേവിക്കുവാനും, മാനസാന്തരപ്പെടുവാനുമുള്ള സമയം നിന്നുപോകും. യൊരേബയാം മരിച്ചപ്പോൾ എന്തു സംഭവിച്ചു എന്നു കാണിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ തിരശീലക്ക് പിന്നിലേക്ക് കൊണ്ടുപോകുന്നു: "... *യഹോവ അവനെ അടിക്കുകയും* അവൻ മരിക്കുകയും ചെയ്തു" (2 ദിനവൃത്താന്തം 13:20; എംഫസിസ് മൈൻ). അവൻ സ്വഭാവികമായി മരിക്കുകയായിരുന്നില്ല. ദൈവം അവനിൽ ന്യായവിധി നടത്തിയപ്പോൾ അവന്റെ ഇരുപത്തി-രണ്ട് വർഷത്തെ വാഴ്ച്ച അവസാനിക്കുകയും അവൻ മരിക്കുകയും ചെയ്തു. അവൻ ആരംഭിച്ചതുപോലെ തന്നെയാണ് അവന്റെ വാഴ്ച്ച അവസാനിച്ചത് - ദൈവത്തോടുള്ള അനുസരണക്കേടിൽ. യൊരേബയാം ഒരിക്കലും മാനസാന്തരപ്പെട്ടില്ല. അവന്റെ ജീവിതം ആളുകളെ തെറ്റു കൈക്കൊള്ളുവാനും, വിശ്വസിപ്പാനും, ജീവിക്കുവാനുമാണ് നയിച്ചത്, അല്ലാതെ ദൈവത്തിന്റെ സത്യത്തെ പിൻപറ്റുവാനായിരുന്നില്ല.

## ഉപസംഹാരം

ഈ സംഭവങ്ങളിൽ നമുക്ക് എന്തെങ്കിലും പ്രായോഗികത ഉണ്ടോ? തീർച്ചയായും. "ദൈവം അനുസരണം ആവശ്യപ്പെടുന്നു!" എന്നാണ് ആ പ്രസ്താവനകളിൽ ദൈവം പ്രഖ്യാപിക്കുന്നത്. യൊരേബയാമിന്റെ ദൈവത്തോടുള്ള സ്വ-സേവനവും അവന്റെ അനുസരണമില്ലാത്ത ജീവിതവും നോക്കി അതിനു വില കൊടുക്കേണ്ടിവരികയില്ല എന്നു ആർക്കു പറയുവാൻ കഴിയും? യൊരേബയാം നമ്മെ ഓർപ്പിക്കുന്ന ഒന്ന് കർത്താവിന്റെ മത്തായി 7:22, 23 ലെ വാക്കുകളാണ്:

> "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും, നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ?" എന്ന് പലരും ആ നാളിൽ എന്നോട് പറയും. അന്നു ഞാൻ അവരോട് "ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും."

മതം മാത്രം പോരാ! യൊരേബയാമിന്നു മതം ഉണ്ടായിരുന്നു, പക്ഷെ അത് തെറ്റായ ഒന്നായിരുന്നു. ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരു മതം യൊരേബയാമിനുണ്ടായിരുന്നുവെങ്കിൽ അവന് ദൈവത്തിന്റെ അംഗീകാരം ലഭിക്കുമായിരുന്നു. നിങ്ങൾക്ക് വെറു*മൊരു* മതം ഉണ്ടാകുവാനല്ല ദൈവം ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് *അവന്റെ* മതം ഉണ്ടാകണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്. ആ പാഠം യൊരേബയാം ഒരിക്കലും പഠിച്ചില്ല. മതപരമായി ഒരു പാപിയായ രാജാവായിട്ടാണ് അവൻ ജീവിച്ചത്.

"പരസ്യമായി അവനെ ശാസിച്ചതാണ്, അവനെ മുന്നറിയിച്ച പ്രവാചകൻ ദൈവത്തോട് അനുസരണക്കേട് കാണിച്ചതുകൊണ്ട് മരിച്ചുപോയി. യൊരേബയാമിന്റെ നല്ല മകനും മരിച്ചു. യൊരേബയാമിന്റെ ഗൃഹത്തിലെ ആൺമക്കളെല്ലാം പാപം നിമിത്തം ക്രൂരമായി കൊല്ലപ്പെടുന്നു. തെക്കേ രാജ്യത്തിലെ പ്രവാചകനായിരുന്ന അബിയാവ് ആഭ്യന്തര കലഹത്തിന് മുൻപ് അവന്റെ പാപത്തെ കുറിച്ച് അവനെ ശാസിച്ചു. എന്നിട്ടും യൊരേബയാം എന്തുകൊണ്ട് മാനസാന്തരപ്പെട്ടില്ല എന്ന് ഞാൻ അതിശയിക്കുന്നു." എന്നു നിങ്ങൾ പറഞ്ഞേക്കാം (2 ദിനവൃത്താന്തം 13:4-12); അവൻ ഒരിക്കലും മാനസാന്തരപ്പെടുവാൻ തയ്യാറായില്ല. അവൻ ദൈവത്തിന്റെ ശാസനയെ കൂട്ടാക്കിയില്ല. അത് ആശ്ചര്യം തന്നെ.

ഒന്നു നിന്നു ചിന്തിക്കുക. അത് ഇന്നു കാണുന്നതിനേക്കാൾ അതിശയിപ്പിക്കുന്നതാണോ? നാം എങ്ങനെ ജീവിക്കണമെന്നും എങ്ങനെ അവനെ ആരാധിക്കണമെന്നും ദൈവം പുതിയ നിയമത്തിൽ വരച്ചു കാണിച്ചിരിക്കുകയാണ്; എന്നിട്ടും അനവധി നാമധേയ വിഭാഗങ്ങൾ ഉടലെടുത്തിരിക്കുന്നു, അവ ഒന്നും പുതിയനിയമത്തിൽ നാം കാണുന്നില്ല. തന്റെ അടുക്കലേക്ക് ആളുകൾ വിശ്വാസത്താലും (യോഹന്നാൻ 8:24), മാനസാന്തരത്താലും (ലൂക്കൊസ് 13:3), ഏറ്റു പറഞ്ഞുകൊണ്ടും (റോമർ 10:10), ക്രിസ്തുവിനോടു ചേരുവാനുള്ള സ്നാനത്താലും (റോമർ 6:3), എത്തണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്; എങ്കിലും, ആധുനിക യൊരേബയാമുകൾ ദൈവത്തോട് അടുക്കുവാൻ അവരുടേതായ വഴികളുമായാണ് വരുന്നത്. അവന്റെ വചനം പഠിച്ചുകൊണ്ടും (പ്രവൃത്തികൾ 17:11), പാട്ട് പാടിയും (എഫെസ്യർ 5:19), പ്രാർത്ഥനയാലും (1 തെസലൊനിക്യർ 5:17), ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും കർത്തൃമേശ പങ്കിട്ടും (പ്രവൃത്തി 20:7; 1 കൊരിന്ത്യർ 11:20, 21), നമ്മുടെ കഴിവനുസരിച്ച് ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും ചരതിച്ച് ശേഖരിക്കയും (1 കൊരിന്ത്യർ 16:1, 2) ചെയ്ത് ആരാധിക്കുവാനല്ലേ ദൈവം പറഞ്ഞിരിക്കുന്നത്? എങ്ങനെയായാലും, ദൈവം രൂപപ്പെടുത്തിയവയെ മനുഷ്യർ തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് പുനക്രമീകരിച്ചിരിക്കയാണ്.

താഴ്മയുള്ള അനുസരണത്തിന് എന്തു സംഭവിച്ചിരിക്കുന്നു? അനുസരണത്ത ശീലിക്കുമോ? അതോ, ഇരുപത്തി-ഒന്നാം നൂറ്റാണ്ടിലെ യൊരേബയാമുമാർ ആകുമോ?

**പഠിക്കേണ്ട പാഠം: മനുഷ്യന്റെ മതത്തെ ദൈവം തള്ളിക്കളഞ്ഞിരിക്കയാൽ മനുഷ്യരും തള്ളിക്കളയണം.**

കുറിപ്പുകൾ

[1]അഡോൾഫ് ഹിറ്റ്ലർ (1889-1945), ഒരു ജെർമ്മൻ നാസി സ്വേഛാധിപതി ആയിരുന്ന ആളും, ജോസഫ് സ്റ്റാലിനും (1879-1953), ഒരു സോവിയറ്റ് യൂണിയൻ നേതാവും അതിന് മാതൃകയായി കാണാം. [2]1 രാജാക്കന്മാർ 14:20. [3]ജോൺ സി. വിറ്റ്കോമ്പ്, *ഏ ഹിസ്റ്ററി ഓഫ് യിസ്രയേൽ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1971), 362.